# Athmaraksha.org

യഥാർത്ഥ ക്രൈസ്തവ ജീവിതം

## കാരുണ്യാതിരേകം വളർത്താൻ തീർത്ഥാടനങ്ങൾക്കു കഴിയും



തീർത്ഥാടനങ്ങൾ പങ്കുവയ്ക്കലിന്റെയും കാരുണ്യത്തിന്റെ അനുഭൂതി വളർത്തുമെന്ന് ഫ്രാൻസിസ് പാപ്പാ ഉദ്ബോധിപ്പിച്ചു.

ആദ്യ നൂറ്റാണ്ടിലെ സഭാപിതാക്കന്മാരുടെ അറ ഘലശാശിമ തീർത്ഥാടനങ്ങളെക്കുറിച്ച് പഠിച്ച പൊന്തിഫിക്കൽ അക്കാഡമികളുടെ സംയുക്ത സമ്മേളനത്തിന് നവംബർ 10-ാം തിയതി ചൊവ്വാഴ്ച നൽകിയ സന്ദേശത്തിലാണ് പാപ്പാ ഇങ്ങനെ ഉദ്ബോധിപ്പിച്ചത്.

സഭ ആരംഭിക്കുന്ന കാരുണ്യത്തിന്റെ ജൂബിലിവർഷത്തിൽ ഏറെ പ്രസക്തമായ വിഷയമാണ് തീർത്ഥാടനമെന്നും, സമൂഹത്തിൽ ഐക്യദാർഢ്യവും, സഹകരണവും പരസ്പരസ്നേഹവും കാരുണ്യവും വളർത്താൻ അത് സഹായകമാകുമെന്ന് സഭയുടെ യൂണിവേഴ്സിറ്റികളിൽ പഠിക്കുന്ന വിദ്യാർത്ഥികളോട് പാപ്പാ ആഹ്വാനം ചെയ്തു. സാംസ്ക്കാരിക കാര്യങ്ങൾക്കായുള്ള പൊന്തിഫിക്കൽ കൗൺസിലിന്റെ പ്രസിഡന്റ്, കർദ്ദിനാൾ ജ്യാൻഫ്രാങ്കോ റവാത്സിവഴിയാണ് പാപ്പാ പൊന്തിഫിക്കൽ അക്കാഡമികളിലെ വിദ്യാർത്ഥികളുടെ സംയുക്ത സമ്മേളനത്തിന് സന്ദേശമയച്ചത്.

മനുഷ്യാസ്തിത്വത്തിന്റെ മാത്രം അന്യൂനവും പ്രതീകാത്മകവുമായ ഘടകമാണ് തീർത്ഥാടനമെന്നും, മനുഷ്യജീവിതം ഈ ഭൂമിയിൽ ഒരു തീർത്ഥാടനമാണെന്നും അനുസ്മരിപ്പിക്കുന്ന പാപ്പായുടെ സന്ദേശം, വത്തിക്കാനിലെ പോൾ ആറാമൻ ശാലയിൽ സമ്മേളിച്ച സംഗമത്തിൽ വത്തിക്കാൻ സ്റ്റേറ്റ് സെക്രട്ടറി കർദ്ദിനാൾ പിയെത്രോ പരോളിൻ വായിച്ചു.

പൊന്തിഫിക്കൽ അക്കാഡമികളുടെ സംയുക്ത പഠനം വിദ്യാർത്ഥികൾക്ക് സാംസ്ക്കാരികവും ആത്മീയവുമായ ഉന്മേഷവും ഉണർവ്വും നല്കട്ടെയെന്നും, അത് അവരുടെ വ്യക്തിജീവിതങ്ങളെ പ്രചോദിപ്പിക്കട്ടെയെന്നും ആശംസിച്ചുകൊണ്ടാണ് പാപ്പാ സന്ദേശം ഉപസംഹരിച്ചത്.